പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1580</u> 13/06/2014-ൽ മറുപടിയ്ക്ക്

"ആസ്തി രജിസ്റ്റർ ഡിജിറ്റൈസേഷൻ"

| ചോദ്യം<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ഹൈബി ഈഡൻ | | | ഉത്തരം<br>ശ്രീ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ യും, ബി യും, സി യും, ഡി യും) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി 2005 ൽ സർക്കാർ MGP യുടെ ഭാഗമായി ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് സ.ഉ.(എം.എസ്) നം.363/2005/തസ്വഭവ നമ്പർ ഉത്തരവ് 02.12.2005 ൽ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം രജിസ്റ്ററുകൾ കില, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയെങ്കിലും ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം വിവിധ കാരണങ്ങളാൽ സാധ്യമാകാത്തതിനെത്തുടർന്ന് അവ ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും ഉൾപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി തുടർന്ന് ഡിജിറ്റൽ രൂപത്തിലാക്കപ്പെട്ട ആസ്തി രജിസ്റ്ററുകൾ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണും, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി പത്തംഗ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും ചെയ്തു. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി മുഖാന്തിരം പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാകുന്നത് ; വിശദമാക്കുമോ ; | | |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | ഓരോ ഗ്രാമപഞ്ചായത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ വിവര ശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും, ആയതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ